(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) ഉണ്ട്. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു:

1. സംസ്ഥാനത്തെ എല്ലാ കർഷകരുടെയും അവരുടെ കൃഷിയെക്കുറിച്ചുള്ള ഡാറ്റാ-ബേസ് തയ്യാറാക്കുക.
2. കാർഷിക വികസന സമിതികൾ കാര്യക്ഷമമാക്കുക.
3. കാർഷിക വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തുക.
4. എല്ലാ കൃഷിഭവനുകളിലും ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുക.

(ബി)

1. വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് സുഗമമാക്കുക, ആനുകൂല്യങ്ങൾ അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുക.
2. കർഷകർക്ക് ഉപയുക്തമായ പദ്ധതികൾക്ക് രൂപം കൊടുക്കുക.
3. കൃഷി ഉദ്യോഗസ്ഥർ കൂടുതൽ സമയം കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ ഏർപ്പെടുക തുടങ്ങിയ ലക്ഷ്യങ്ങൾ ഇതുമൂലം കൈവരിക്കാൻ കഴിയും.

(സി) ഡാറ്റാബേസ് സംബന്ധിച്ച നടപടി പുരോഗമിച്ചുവരുന്നു. ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് വഴി നൽകുന്ന പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. ലീഡ്സ്, ആത്മ പദ്ധതികളിലൂടെ വിജ്ഞാനവ്യാപന പരിപാടിയും മികച്ചരീതിയിൽ നടന്നുവരുന്നുണ്ട്.

ശുചിത്വമിഷന്റെ പ്രവർത്തനം

5 (*275) ശ്രീ. കെ. ദാസൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വമിഷന്റെ പ്രവർത്തനം അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മിഷന്റെ കീഴിൽ മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്നുവോ; ഇതിലേക്കായി മിഷന് പദ്ധതിയിനത്തിൽ കഴിഞ്ഞ 5 വർഷം നീക്കിവെച്ചതും ചെലവഴിക്കപ്പെട്ടതുമായ തുകയുടെ വിശദാംശങ്ങൾ ലഭ്യമാണോ;

(സി) ശുചിത്വമിഷൻ മുഖേന നടപ്പിലാക്കിയ മാലിന്യ മുക്തകേരളം പദ്ധതി ലക്ഷ്യത്തിലെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ മാലിന്യപ്രശ്നം ഏതളവുവരെ പരിഹരിക്കാൻ സാധിച്ചു; വിശദമാക്കാമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) ശുചിത്വമിഷൻ പ്രവർത്തനം സർക്കാർ തലത്തിൽ അവലോകനം നടത്തി വരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) മിഷന്റെ സാങ്കേതിക സഹായത്തോടെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കോട്ടയം തുടങ്ങിയ ഇടങ്ങളിൽ പൊതു മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്നു. പി.പി.പി. മാതൃകയിലുള്ള പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്നതിനാൽ പ്രത്യേകമായി പണം നീക്കി വച്ചിട്ടില്ല എന്നാൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് പി.പി.പി. മാതൃകയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കപ്പെടുന്ന മാലിന്യ സംസ്കരണ പ്ലാന്റിന് വേണ്ടിയുള്ള ഡ്രാഫ്റ്റ് പ്രോജക്ട് ഡോക്യുമെന്റ് തയ്യാറാക്കുന്നതിനും ആർ.എഫ്.പി. സ്കൂട്ടിനി നടത്തുന്നതിനും ട്രാൻസാക്ഷൻ അഡ്വൈസറായ KITCO എന്ന സ്ഥാപനത്തിന് ഫീസിനത്തിൽ 13,48,320 രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്.

(സി) മാലിന്യമുക്ത കേരളം പദ്ധതിയിലെ പല ലക്ഷ്യങ്ങളും നേടുവാനായിട്ടുണ്ട്. സംസ്ഥാനത്തെ 920 ഗ്രാമപഞ്ചായത്തുകളിൽ വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പിലാക്കിയതിനാൽ മാലിന്യ പ്രശ്നത്തിന് വലിയൊരളവുവരെ പരിഹാരം കാണുവാൻ കഴിഞ്ഞിട്ടുണ്ട്.

അതുപോലെ സംസ്ഥാനത്തെ 64 നഗരസഭകളിലും പുതിയ മാലിന്യ സംസ്കരണ പ്ലാന്റുകൾ, നിലവിലുള്ള പ്ലാന്റുകളുടെ പുനരുദ്ധാരണം, വികേന്ദ്രീകൃത മാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നതിനാൽ നഗരങ്ങളിലെ ജൈവ മാലിന്യ പ്രശ്നത്തിന് ഏറെ പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. ഉറവിട മാലിന്യ സംസ്കരണ പ്രോജക്ടിന്റെ ഭാഗമായ മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലായി 10 ലക്ഷത്തോളം കമ്പോസ്റ്റിംഗ് യൂണിറ്റുകളും ഒരു ലക്ഷത്തിലധികം ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിക്കുവാൻ സഹായം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അജൈവ മാലിന്യ മേഖലയിൽ അവ ശേഖരിച്ച് പുനഃചംക്രമണത്തിനായി കൈമാറുന്ന പ്രവർത്തനം ശുചിത്വമിഷനും ക്ലീൻ കേരള കമ്പനിയും ഏകോപിപ്പിച്ച് വരുന്നുണ്ട്. അജൈവ മാലിന്യം ശേഖരിച്ച് താൽക്കാലികമായി സംഭരിക്കപ്പെടുന്നതിനും പുനഃചംക്രമണത്തിനായി കൈമാറുന്നതിനുമായുള്ള പശ്ചാത്തല സൗകര്യമായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികൾ/റിസോഴ്സ് റിക്കവറി സെന്ററുകൾ സ്ഥാപിക്കുന്നതിനുവേണ്ട പ്രോത്സാഹനവും നൽകുന്നുണ്ട്. ഇതുമൂലം പൊതു സ്ഥലത്ത് അജൈവ മാലിന്യം കൂനകൂട്ടുന്നത് തടയുവാൻ കഴിയുന്നുണ്ട്.

പ്രധാനപ്പെട്ട പൊതുപരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപടിക്രമം സ്വീകരിച്ചുകൊണ്ട് നടപ്പിലാക്കുന്നതിന് വേണ്ട സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യൂവർ ശുചിത്വ മിഷൻ രൂപം നൽകുകയും ഇക്കഴിഞ്ഞ നാഷണൽ ഗെയിംസ്, സ്കൂൾ യുവജനോത്സവം, സ്കൂൾ ദേശീയ കായികമേള തുടങ്ങിയ പരിപാടികളിൽ വിജയകരമായി നടപ്പിലാക്കുകയും ഇതിന്റെ മാതൃകയിൽ സംസ്ഥാനത്താകെ ഉത്സവങ്ങളിലും മറ്റ് മേളകളിലും (ഉദാഹരണം: ശബരിമല, ആറ്റുകാൽ പൊങ്കാല, എടപ്പാൾ അതിരാത്രം) ഈ പ്രവർത്തനം നടപ്പിലാക്കുന്നു. അതുപോലെ സംസ്ഥാനത്തെ പ്രധാന സർക്കാർ സ്ഥാപനങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ശാസ്ത്രീയമായി ജൈവമാലിന്യം സംസ്കരിക്കാൻ വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. മനോഭാവ മാറ്റത്തിനുവേണ്ട പരിശീലനവും നടത്തിവരുന്നു. (ഉദാഹരണം: കേരള നിയമസഭാ സെക്രട്ടറിയേറ്റ്, സ്വരാജ് ഭവൻ, സംസ്ഥാന സെക്രട്ടറിയേറ്റ്, രാജ് ഭവൻ) ഈ പ്രവർത്തനം ക്രമേണ വ്യാപിപ്പിക്കും. ഫ്രീഡം ഫ്രം വേസ്റ്റ് കാമ്പയിന്റെ ഭാഗമായി പൊതുജനങ്ങളിൽ ആരോഗ്യസുരക്ഷ-പരിസ്ഥിതിസുരക്ഷാ ബോധം ഉറപ്പാക്കുന്നതിനും അനുകൂല മനോഭാവ രൂപീകരണത്തിനുമായി ബൃഹത്തായ വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങളും നടത്തിവരുന്നു.

മുൻപറഞ്ഞ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ മാലിന്യ പ്രശ്നം ശാസ്ത്രീമായി പരിഹരിക്കുന്ന നടപടികൾ എടുക്കുകയും മാലിന്യമുക്ത കേരളം എന്ന ലക്ഷ്യത്തിലേക്ക് നീങ്ങുകയും ചെയ്യുകയാണ്.

(ഡി) സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജൈവ-അജൈവ മാലിന്യ പരിപാലനത്തിന് ഏറ്റെടുത്ത വൈവിധ്യമാർന്ന പ്രവർത്തനത്തിലൂടെ മാലിന്യ പ്രശ്നം പൊതുജനാരോഗ്യത്തിന് വലിയ ഭീഷണി ആകാതെ നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും ഈ പ്രവർത്തനങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗം ആൾക്കാരുടെയും പങ്കാളിത്തത്തോടെ ഇനിയും മുന്നോട്ടു കൊണ്ടുപോകേണ്ടതും മാലിന്യ പരിപാലനം സ്വന്തം ഉത്തരവാദിത്വവും സംസ്കാരവുമായി വളർത്തേണ്ടതുമുണ്ട്.